# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.3763 21-06-2018-ലെ മറുപടിക്ക്

**ചോദ്യം**
ശ്രീ. വി.ഡി. സതീശൻ

**ഉത്തരം**
ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>സമ്പത്തിന്റെ സന്തുലിതമായ വിതരണം ഉറപ്പ് വരുത്തുന്ന സമഗ്ര വികസനം</u>**

| | | |
|---|---|---|
| (എ) | സമ്പത്തിന്റെ സന്തുലിതമായ വിതരണം ഉറപ്പ് വരുത്തുന്ന സമഗ്ര വികസനത്തിലൂടെ ഒരു നവ കേരളം സൃഷ്ടിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | സമ്പത്തിന്റെ സന്തുലിതമായ വിതരണം ഉറപ്പുവരുത്തുന്ന സമഗ്ര വികസനത്തിലൂടെ ഒരു നവകേരളം സൃഷ്ടിക്കുവാനുള്ള ഉദ്യമത്തിലാണ് സർക്കാർ വ്യാപൃതമായി രിക്കുന്നത്. ഇതിന് അനുയോജ്യമായ പദ്ധതികളാണ് നിലവിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി കേരളത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 29,150 കോടി രൂപയുടെ വാർഷിക പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ കാർഷിക മേഖല, പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തൽ, ചെറുകിട വ്യവസായം പരമ്പരാഗത വ്യവസായം മുതലായ മേഖല കൾക്ക് ആവശ്യമായ തുക വകയിരുത്തി യിട്ടുണ്ട്. പാവങ്ങളുടെ ആനുകൂല്യങ്ങൾക്കും സഹായങ്ങൾക്കും മുൻഗണന നൽകുന്ന സമ്പൂർണ്ണ സാമൂഹ്യ സുരക്ഷാപദ്ധതിയാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ അർഹരായവർക്ക് ക്ഷേമ പെൻഷനുകൾ കൃത്യമായി നൽകുന്നതിനും സർക്കാർ ശ്രദ്ധിക്കുന്നുണ്ട്.<br>കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ റെക്കോർഡ് തുകയാണ് കാർഷിക മേഖലയ്ക്ക് വകയിരുത്തിയിരുന്നത്. തരിശ് കിടന്ന ഭൂമിയിൽ കൃഷിയിറക്കുന്നതിനും ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക വിളകളിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ആധുനിക കൃഷി സങ്കേതങ്ങൾ പരിശീലിപ്പിക്കുന്നതിനും വിലത്തകർച്ച നേരിട്ട വിളകൾക്ക് വില സ്ഥിരതാ പദ്ധതി ആരംഭിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി. മൃഗ സംരക്ഷണം, |
| (ബി) | ഉല്പാദനപരമായ മേഖലകളായ കൃഷി, മൃഗ സംരക്ഷണം, മത്സ്യബന്ധനം തുടങ്ങിയവയ്ക്ക് ആവശ്യമായ തുക വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ടോ; കഴിഞ്ഞ രണ്ട് വർഷം ഈ മേഖലകളിൽ എന്തൊക്കെ ഇടപെടലുകൾ നടത്തുവാൻ കഴിഞ്ഞുവെന്ന് അറിയിക്കുമോ; | |

| | | |
|---|---|---|
| | | മത്സ്യബന്ധനം തുടങ്ങിയ മേഖലകളിൽ ഉപജീവനം നടത്തുന്ന കർഷകരുടെയും തൊഴിലാളികളുടെയും ജീവിത നിലവാരം മെച്ചപ്പെടുത്താനുതകുന്ന ബഹുതല സ്പർശിയായ നിരവധി പദ്ധതികൾക്ക് തുടക്കമിടാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | ആഗോള സമ്പത്ത് ഘടനയിൽ ഉണ്ടാകുന്ന വില വ്യതിയാനങ്ങൾ നാണ്യവിളകളെ ദോഷകരമായി ബാധിച്ച സാഹചര്യത്തിൽ നാണ്യവിള കർഷകരെ സഹായിക്കുന്നതിനായി എന്തെങ്കിലും പ്രത്യേക പാക്കേജുകൾ ആവിഷ്കരിക്കുവാൻ സാധിച്ചിട്ടുണ്ടോ? | കേരളത്തിലെ കാർഷിക അടിത്തറയാക്കുന്ന പ്രധാന വിളകൾ കയറ്റുമതിയുമായി ബന്ധപ്പെട്ടതായതിനാൽ ആഗോള സമ്പദ്ഘടനയിൽ ഇവയ്ക്കുണ്ടാകുന്ന വില വ്യത്യാസങ്ങൾ നമ്മുടെ സംസ്ഥാനത്തെ ബാധിക്കുന്നു. പരമാവധി ഉല്പാദന ക്ഷമത, ലാഭം, പാരിസ്ഥിതിക സംതുലിതാവസ്ഥ എന്നിവ ഉറപ്പാക്കിക്കൊണ്ടുള്ള സുസ്ഥിര കാർഷിക വികസനത്തിനാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി ഊന്നൽ നൽകുന്നത്. ആയതിനാൽ, ആഭ്യന്തര മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ നയങ്ങൾ സംസ്ഥാന സർക്കാർ രൂപീകരിച്ചുവരുന്നു. നാണ്യവിളകളുടെ വിലത്തകർച്ചയും സാമ്പത്തിക പ്രതിസന്ധിയും നേരിടുന്നതിന്റെ ഭാഗമായി ഭക്ഷ്യവിളകൾക്ക് ഊന്നൽ നൽകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നെല്ല്, പച്ചക്കറി, പയർ/കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവയ്ക്ക് ഊന്നൽ നൽകിയിട്ടുമുണ്ടായിരുന്നു. കൂടാതെ റബറിന്റെ വിലത്തകർച്ചയിൽ നിന്നും കൃഷിക്കാർക്ക് സംരക്ഷണം നൽകുന്നതിനുവേണ്ടി വിലസ്ഥിരതാ പദ്ധതി നടപ്പിലാക്കി. അതിലുപരിയായി വിവിധ വിളകൾക്കായി പ്രത്യേക കാർഷിക മേഖലകൾ രൂപീകരിച്ചിട്ടുണ്ട്. |

അക്കൗണ്ട്സ് ഓഫീസർ